## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 464**      **20.10.2011-ൽ മറുപടിക്ക്.**

### എയർ ഇന്ത്യാ സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ.പി.റ്റി.എ. റഹീം<br>ശ്രീ.വി.ശിവൻകുട്ടി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | എയർ ഇന്ത്യയുടെ അലംഭാവം മൂലം ഗൾഫ് മലയാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുന്നറിയിപ്പില്ലാതെ സർവ്വീസ് റദ്ദാക്കുന്നതുമൂലം അവധി കാലാവധി തീരുന്നതിന് മുമ്പായി ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരുന്നതിനാൽ ജോലി നഷ്ടപ്പെടുന്നവർക്ക് തക്കതായ നഷ്ടപരിഹാരം നൽകാൻ വ്യോമയാന വകുപ്പിനോട് ആവശ്യപ്പെടുമോ; | (ബി) | ഇക്കാര്യം വ്യോമയാന വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ്. |
| (സി) | സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും സർവ്വീസുകൾ മുന്നറിയിപ്പില്ലാതെ റദ്ദാക്കുന്നത് ഒഴിവാക്കുന്നതിനും അന്യായമായി യാത്രാക്കൂലി ഈടാക്കുന്നത് അവസാനിപ്പക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും, സർവ്വീസുകൾ മുന്നറിയിപ്പില്ലാതെ റദ്ദാക്കുന്നത് ഒഴിവാക്കണമെന്ന കാര്യവും വ്യോമയാന വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.<br>എയർ ഇന്ത്യയുൾപ്പെടെയുള്ള വിമാന ക്കമ്പനികൾ ഗൾഫിലേക്കും മറ്റും ഉള്ള യാത്രാനിരക്ക് ഭീമമായി വർദ്ധിപ്പിക്കുന്ന നടപടി നിറുത്തലാക്കണമെന്ന് സംസ്ഥാന സർക്കാർ തുടർച്ചയായി കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു വരുന്നു. പ്രവാസികളായ മലയാളികൾ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്ഘടനയ്ക്ക് നല്കുന്ന |

| | | | |
|---|---|---|---|
| | | | സംഭാവന വളരെ വലുതാണെന്നും അതിനാൽ അവരുടെ താല്പര്യങ്ങളും, ബുദ്ധിമുട്ടുകളും പരിഗണിക്കേണ്ടതാണെന്നും ഭൂരിഭാഗം പ്രവാസികളായ മലയാളികളും, തൊഴിലാളികളാണെന്നും, ഓണം, റംസാൻ, ക്രിസ്തുമസ് സീസണുകളിൽ എയർലൈനുകൾ യാത്രാനിരക്ക് വർദ്ധിപ്പിക്കുന്നത് അവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നെന്നും, അതിനാൽ ടി സീസണുകളിലുള്ള നിരക്ക് വർദ്ധന പിൻവലിച്ച് യാത്രാനിരക്കിന് ഒരു ഏകീകൃത വ്യവസ്ഥ നടപ്പിലാക്കണമെന്നും, സീസണുകൾക്കതീതമായി യാത്രാനിരക്ക് യുക്തിസഹവും സാധാരണക്കാരന് താങ്ങാനാവുന്നതുമായ രീതിയിൽ യാത്രാ നിരക്കിന്റെ ഉയർന്ന നിരക്കിനും കുറഞ്ഞ നിരക്കിനും പരിധി നിശ്ചയിക്കണമെന്നും അടുത്ത സീസണുകൾക്ക് മുൻപ് ഇക്കാര്യത്തിൽ പരിഹാരം ലഭിക്കുന്ന തരത്തിൽ നടപടി സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ ഏറ്റവും അവസാനമായി 11.10.2011 ലെ 12210/ ഡി2/ 11/ട്രാൻ നമ്പർ കത്ത് പ്രകാരം കേന്ദ്ര വ്യോമയാനമന്ത്രാലയ സെക്രട്ടറിയോടും എയർഇൻഡ്യയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ